# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5535** 2-11-2016 -ൽ **മറുപടിക്ക്**

## ഊർജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി.ഡി.സതീശൻ :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. വി.എസ്.ശിവകുമാർ :<br>ശ്രീ. റോജി എം. ജോൺ : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഊർജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി ഇപ്പോൾ നിലവിലില്ല. പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി (ആർ.എ.പി.ഡി.ആർ.പി.) നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ പദ്ധതിയനുസരിച്ച് നടപ്പാക്കി വരുന്നതെന്ന് വിവരിക്കുമോ; | (ബി) | ആർ.എ.പി.ഡി.ആർ.പി. പാർട്ട്—എയുടെ ഭാഗമായി താഴെ പറയുന്ന പ്രവർത്തന ങ്ങളാണ് നടത്തി വരുന്നത്.<br>• ഡാറ്റാ സെന്റർ.<br>• കേന്ദ്രീകൃത കസ്റ്റമർ കെയർ സെന്റർ.<br>• ഡിസാസ്റ്റർ റിക്കവറി സെന്റർ.<br>• കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ ഓഫീസുകളെ ഡാറ്റാ സെന്ററുമായി ഉള്ള ബന്ധം.<br>• എനർജി ഓഡിറ്റിംഗ്.<br>• മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം.<br>• ജി.ഐ.എസ്. അടിസ്ഥാനപ്പെടുത്തി ഉപഭോക്താക്കളെ ക്രമപ്പെടുത്തലും ആസ്തി അടയാളപ്പെടുത്തലും.<br>• ജി.ഐ.എസ്. അടിസ്ഥാനത്തിലുള്ള വൈദ്യുതി ശൃംഖല പൂർത്തീകരണം.<br>• വെബ് അടിസ്ഥാനപ്പെടുത്തിയുള്ള സ്വയം |

| | | | |
|---|---|---|---|
| | | | സേവനങ്ങൾ.<br>• ഉപഭോക്താക്കളുടെ കമേഴ്സ്യൽ വിവരശേഖരം രൂപീകരിക്കുക.<br>• മെയിലും സന്ദേശങ്ങളും അയയ്ക്കുന്നതിനുള്ള സംവിധാനം.<br>• എന്റർപ്രൈസ് ആർക്കിടെക്ചർ സ്ഥാപിക്കൽ.<br>• സ്കാഡ പദ്ധതിയിൽ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതു മുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നു.<br>RAPDRP പദ്ധതിയുടെ (B) Part-ന്റെ ഭാഗമായി താഴെപ്പറയുന്ന പ്രവൃത്തികളാണു നടത്തി വരുന്നത്.<br>• 11 കെ.വി. സബ്സ്റ്റേഷനുകളുടെ നവീകരണവും, ആധുനികവൽക്കരണവും, ശക്തിപ്പെടുത്തലും.<br>• കാലപ്പഴക്കം ചെന്ന 11 കെ.വി.ലൈനുകളും, എൽറ്റി ലൈനുകളും പുതുക്കി പണിയൽ.<br>• ഏരിയൽ ബഞ്ച്ഡ് കേബിൾ ഉപയോഗിച്ച് ജന സാന്ദ്രത കൂടിയ സ്ഥലങ്ങളിൽ 11 കെ.വി. ലൈനും, എൽ.റ്റി. ലൈനും നിർമ്മിക്കുക.<br>• 11 കെ.വി. അണ്ടർ ഗ്രൗണ്ട് കേബിളുകൽ നിർമ്മിക്കുകക.<br>• കാലപ്പഴക്കം വന്നതും, കേടായതുമായ സിംഗിൾ -ത്രീ ഫേസ് മീറ്ററുകൾ മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക.<br>സബ്ട്രാൻസ്മിഷൻ ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ, |
| (സി) | ഈ പദ്ധതിയനുസരിച്ച് എന്തെല്ലാം വിവര സാങ്കേതികവിദ്യാധിഷ്ഠിത പ്രവൃത്തികളാണ് മുൻസർക്കാർ നടപ്പാക്കിയത്; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഓഫീസുകളെ ബന്ധിപ്പിച്ച് വിവര സാങ്കേതിക വിദ്യ ശൃംഖല സ്ഥാപിക്കുക, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ വേണ്ടി ഡാറ്റാ സെന്റർ സ്ഥാപിക്കുക, 43 നഗരങ്ങളിലേയ്ക്കുള്ള ഉർജ്ജ ഓഡിറ്റിംഗും, ജി.ഐ.എസ്. അടിസ്ഥാനപ്പെടുത്തി |

| | | | |
|---|---|---|---|
| | | | ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തലും നടപ്പിലാക്കുക, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കുവാൻ സഹായ കരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) നടപ്പിലാക്കുക തുടങ്ങിയവ ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി. കൂടാതെ, കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനം, കാൾസെന്റർ എന്നിവ മുഖേന ഉപഭോക്താക്കൾക്ക് സേവനങ്ങൾ ലഭ്യമാക്കലും ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി. |
| (ഡി) | പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം വിതരണ ശൃംഖല വികസന പ്രവർത്തനങ്ങളാണ് മുൻസർക്കാർ നടപ്പാക്കിയതെന്ന് വിശദമാക്കുമോ; | (ഡി) | മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>1. 11 കെ.വി. ലൈൻ നിർമ്മാണം — 1400 കിലോമീറ്റർ<br>2. 11 കെ.വി. അണ്ടർ ഗ്രൗണ്ട് കേബിൾ നിർമ്മാണം — 851 കിലോമീറ്റർ.<br>3. കാലംപഴക്കം വന്ന 11 കെ.വി. ലൈൻ മാറ്റി പുതിയ ലൈൻ സ്ഥാപിക്കൽ - 503 കിലോമീറ്റർ.<br>4. വിതരണ ട്രാൻസ്ഫോമർ സ്ഥാപിക്കൽ - 2082 എണ്ണം.<br>5. കാലംപഴക്കം വന്നതും കേടായതുമായ എൽ.റ്റി. ലൈനുകൾ മാറ്റി പുതിയ ലൈൻ നിർമ്മിക്കൽ - 5500 കിലോമീറ്റർ.<br>6. കേടായതും/മെക്കാനിക്കൽ മീറ്ററുകളും മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കൽ - 10,51,138 എണ്ണം. |
| (ഇ) | ഈ പദ്ധതിയനുസരിച്ച് നടപ്പാക്കാൻ എന്തെല്ലാം പ്രവർത്തനങ്ങൾ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഇ) | ഊർജ്ജിത ഊർജ്ജ വികസന പദ്ധതിയുടെ തുടർച്ചയായി താഴെപ്പറയുന്ന വിവര സാങ്കേതിക വിദ്യ പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രവർത്തന ങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>1. പുതിയ കണക്ഷനു വേണ്ടി ഉപഭോക്താക്കളിൽ നിന്നു ഓൺ ലൈനായി അപേക്ഷകൾ സ്വീകരിക്കുവാനുള്ള സൗകര്യം.<br>2. ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ (സി.ഡി.എം.) സംസ്ഥാനത്തെ തെരഞ്ഞെ |

| | | | |
|---|---|---|---|
| | | | ടുക്കപ്പെട്ട 5 സ്ഥലങ്ങളിൽ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്ന പദ്ധതി.<br>3. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, പട്ടണങ്ങളിൽ സ്കാഡ കൺട്രോൾ സെന്റർ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാനുള്ള പദ്ധതി.<br>4. ഡിസാസ്റ്റർ റിക്കവറി സെന്റർ കമ്മീഷനിംഗ്.<br>5. ഭാഗീകമായി പ്രവർത്തനക്ഷമമായ, താഴെ പറയുന്ന സോഫ്റ്റ്‌വയറുകളെ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കാനുള്ള പ്രവർത്തനങ്ങൾ.<br><br>• ജി.ഐ.എസ്. അടിസ്ഥാനപ്പെടുത്തി ഉപഭോക്താക്കളെ ക്രമപ്പെടുത്തലും ആസ്തി അടയാളപ്പെടുത്തലും.<br>• ജി.ഐ.എസ്. അടിസ്ഥാനപ്പെടുത്തിയുള്ള സമഗ്ര വിവര ശൃംഖല വിശകലനം.<br>• മീറ്റർ ഡാറ്റ ശേഖരിക്കുന്ന സംവിധാനം.<br>• എനർജി ഓഡിറ്റിംഗ്.<br>• മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം.<br>• ആസ്തി കൈകാര്യം ചെയ്യാനുള്ള സംവിധാനം.<br>• ആസ്തി സംരക്ഷണം ചെയ്യാനുള്ള സംവിധാനം.<br><br>ഏരിയൽ ബഞ്ച്ഡ് കേബിൾ ഉപയോഗിച്ച് ലൈൻ നിർമ്മിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും, ബാക്കി മറ്റു പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി നീട്ടിക്കിട്ടുന്നതിനുവേണ്ടി, പവർ ഫിനാൻസ് കോർപ്പറേഷനോടു അപേക്ഷിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**